# Rights of Minorities: Details of various schemes and benefits meant for welfare of Minorities in India.

*Prepared by*

*Reena Abraham, Advocate,*
*High Court, Ernakulam*
*9249301360*
*Email – reenaadvocate@gmail.com*

*For the webinar session organised by the Public Relation Department, Archdiocese of Veropoly, Ernakulam & World Lawyers Mission.*


- The Union Government set up the National Commission for Minorities (NCM) under the National Commission for Minorities Act, 1992. Six religious communities, viz; *Muslims, Christians, Sikhs, Buddhists, Zoroastrians (Parsis) and Jains* have been notified in Gazette of India as minority communities by the Union Government all over India .

## District Wise Population of Kerala By Religious Community - 2011

| Area Name | Religious communities | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Total | Hindu | | Muslim | % | Christian | % | Sikh | % | Buddhist | % | Jain | % | Total |
| KERALA | 33406061 | 18282492 | **54.73** | 8873472 | **26.56** | 6141269 | **18.38** | 3814 | **0.01** | 4752 | **0.01** | 4489 | **0.01** | **3,33,10,388** |
| Kasaragod | 1307375 | 729987 | **55.84** | 486913 | **37.24** | 87454 | **6.69** | 151 | **0.01** | 362 | **0.03** | 130 | **0.01** | **13,05,097** |
| Kannur | 2523003 | 1509592 | **59.83** | 742483 | **29.43** | 262526 | **10.41** | 424 | **0.02** | 1118 | **0.04** | 193 | **0.01** | **25,16,436** |
| Wayanad | 817420 | 404460 | **49.48** | 234185 | **28.65** | 174453 | **21.34** | 61 | **0.01** | 312 | **0.04** | 1797 | **0.22** | **8,15,368** |
| Kozhikode | 3086293 | 1734958 | **56.21** | 1211131 | **39.24** | 131516 | **4.26** | 297 | **0.01** | 235 | **0.01** | 601 | **0.02** | **30,78,838** |
| Malappuram | 4112920 | 1135259 | **27.60** | 2888849 | **70.24** | 81556 | **1.98** | 205 | **0.00** | 179 | **0.00** | 68 | **0.00** | **41,06,216** |
| Palakkad | 2809934 | 1875980 | **66.76** | 812936 | **28.93** | 114397 | **4.07** | 220 | **0.01** | 238 | **0.01** | 78 | **0.00** | **28,03,949** |
| Thrissur | 3121200 | 1823442 | **58.42** | 532839 | **17.07** | 757484 | **24.27** | 259 | **0.01** | 278 | **0.01** | 62 | **0.00** | **31,14,464** |
| Ernakulam | 3282388 | 1509557 | **45.99** | 514397 | **15.67** | 1248137 | **38.03** | 860 | **0.03** | 614 | **0.02** | 1176 | **0.04** | **32,74,841** |
| Idukki | 1108974 | 541854 | **48.86** | 82206 | **7.41** | 481507 | **43.42** | 100 | **0.01** | 189 | **0.02** | 44 | **0.00** | **11,06,000** |
| Kottayam | 1974551 | 983598 | **49.81** | 126499 | **6.41** | 858608 | **43.48** | 204 | **0.01** | 358 | **0.02** | 83 | **0.00** | **19,69,450** |
| Alappuzha | 2127789 | 1460447 | **68.64** | 224545 | **10.55** | 435056 | **20.45** | 268 | **0.01** | 146 | **0.01** | 74 | **0.00** | **21,20,636** |
| Pathanamthitta | 1197412 | 681666 | **56.93** | 55074 | **4.60** | 456404 | **38.12** | 153 | **0.01** | 150 | **0.01** | 44 | **0.00** | **11,93,591** |
| Kollam | 2635375 | 1697635 | **64.42** | 508500 | **19.30** | 421598 | **16.00** | 208 | **0.01** | 272 | **0.01** | 63 | **0.00** | **26,28,376** |
| Thiruvananthapuram | 3301427 | 2194057 | **66.46** | 452915 | **13.72** | 630573 | **19.10** | 404 | **0.01** | 301 | **0.01** | 76 | **0.00** | **32,78,425** |
| **TOTAL** | **3,34,06,061** | **1,82,82,492** | **54.73** | **88,73,472** | **26.56** | **61,41,269** | **18.38** | **3,814** | **0.01** | **4,752** | **0.01** | **4,489** | **0.01** | **3,33,10,388** |

Activate Windows
Go to Settings to activate

- 2011 Census (Religion)



## I. സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് സംസ്ഥാന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ

1. ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി (വിധവ/ വിവാഹബന്ധം വേർപ്പെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുമുള്ള ഭവന നിർമ്മാണ പദ്ധതി)
2. വിധവകൾ/വിവാഹബന്ധം വേർപെടുത്തിയവർ/ഉപേക്ഷിക്കപ്പെട്ടവർ എന്നീ വിഭാഗങ്ങളിലെ സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി
3. സൗജന്യ വ്യക്തിത്വ വികസന കരിയർ ഗൈഡൻസ് പരിശീലനം
4. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് (ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അവാർഡ്)
5. സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ്
6. സ്വകാര്യ ഐ.റ്റി.ഐ വിദ്യാർത്ഥികൾക്ക് ഫീ–റീഇംബേഴ്സ്മെന്റ് സ്കീം.
7. ചാർട്ടേർഡ് അക്കൗണ്ടൻസി / കോസ്റ്റ് വർക്ക് അക്കൗണ്ടൻസി/കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.
8. അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീസ് / ഹോസ്റ്റൽ സ്റ്റൈപ്പന്റ് റീഇംബേഴ്സ് ചെയ്യുന്ന പദ്ധതി
9. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും അ+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.
10. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള വിതരണ പദ്ധതി
11. ന്യൂനപക്ഷ കേന്ദ്രീകൃത വില്ലേജുകളിലെ സ്കൂളുകളിൽ വിർച്ച്വൽ/സ്മാർട്ട് ക്ലാസ് റൂം
12. ന്യൂനപക്ഷ യുവജനതയ്ക്കായുള്ള സൗജന്യ പരിശീലന കേന്ദ്രങ്ങളും(സി.സി.എം.വൈ) ഉപകേന്ദ്രങ്ങളും
13. കേരളാ മദ്രസാ അദ്ധ്യാപകക്ഷേമനിധിയും പെൻഷൻ പദ്ധതിയും.

എ. പെൻഷൻ പദ്ധതി
ബി. വിവാഹ ധനസഹായം
സി. ചികിത്സാ ധനസഹായം
ഡി. എസ്.എസ്.എൽ.സി, പ്ലസ് ടു വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡ്
ഇ. ഭവന പദ്ധതി
എഫ്. പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ.

14. ന്യൂനപക്ഷ സർട്ടിഫിക്കറ്റ്

# Housing Schemes

1. ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി

- ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിധവ/ വിവാഹബന്ധം വേർപെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതി.
- ഒരു വീടിന് രണ്ടര ലക്ഷം രൂപ വീതമാണ് ധനസഹായമായി നൽകുന്നത്. ഇത് തിരിച്ചടക്കേണ്ടതില്ല.

**വിധവകൾ/വിവാഹബന്ധം വേർപെടുത്തിയവർ/ഉപേക്ഷിക്കപ്പെട്ടവർ എന്നീ വിഭാഗങ്ങളിലെ സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി**

- ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിധവ/ വിവാഹബന്ധം വേർപെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.
- വീടുകൾക്ക് മതിയായ വാതിലുകൾ/ ജനാലകൾ/ മേൽക്കൂര/ഇലക്ട്രിക്/ പ്ലംബിംഗ് /സാനിട്ടേഷൻ/വാൾ ഫിനിഷിംഗ്- എന്നീ വർക്കുകൾക്കാണ് ധനസഹായം നൽകുന്നത്
- ഒരു വീടിന് 50,000/ രൂപ വീതമാണ് ധനസഹായമായി നൽകുന്നത്. ഇത് തിരിച്ചടക്കേണ്ടതില്ല.

# Educational Schemes(State ) 80% for Muslims

**സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ്**

- സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലകളിൽ പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലെ പ്രത്യേകിച്ച് മുസ്ലീം സമുദായത്തിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസപരമായ പുരോഗതി ലക്ഷ്യം വച്ച് സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന പദ്ധതിയാണിത്.
- ബിരുദത്തിന് പഠിക്കുന്ന 3000 വിദ്യാർത്ഥിനികൾക്ക് 5000/ രൂപ വീതവും, ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന 1000 വിദ്യാർത്ഥിനികൾക്ക് 6000/ രൂപ വീതവും പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന 1000 വിദ്യാർത്ഥിനികൾക്ക് 7000/ രൂപ വീതവും ഹോസ്റ്റൽ സ്റ്റൈപ്പന്റ് 2000 പേർക്ക് 13000 രൂപ വീതവും പ്രതിവർഷം നൽകുന്നു.
- 20% സ്കോളർഷിപ്പ് ലത്തീൻ /പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്ക് മാറ്റിവെച്ചിരിക്കുന്നു.
- www.minoritywelfare.kerala.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് (ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അവാർഡ്)**

- എസ്.എസ്.എൽ.സി/പ്ലസ്ടു/വി.എച്ച്.എസ്.ഇ തുടങ്ങിയവക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടിയവർക്കും ബിരുദത്തിന് 80%-മാർക്ക് നേടിയവർക്കും ബിരുദാനന്തര ബിരുദത്തിന് 75%-മാർക്ക് നേടിയവർക്കും നൽകുന്ന സ്കോളർഷിപ്പ് അവാർഡ്
- എസ്.എസ്.എൽ.സി/പ്ലസ്ടു/വി.എച്ച്.എസ്.ഇ വിദ്യാർത്ഥികൾക്ക് 10,000/- രൂപയും, ബിരുദം/ബിരുദാനന്തര വിദ്യാർത്ഥികൾക്ക് 15,000/ രൂപയുമാണ്

സ്കോളർഷിപ്പ് അവാർഡ്

ബി.പി.എൽ വിദ്യാർത്ഥികൾക്ക് മുൻഗണന. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാന പരിധിയുടെയും അടിസ്ഥാനത്തിലായിരിക്കും.

ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ബി.പി.എൽ വിദ്യാർത്ഥികളുടെ അഭാവത്തിൽ 6 ലക്ഷം രൂപ വരുമാന പരിധിയിലുള്ള ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന മറ്റ് വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭിക്കും.

www.minoritywelfare.kerala.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

. സൗജന്യ വ്യക്തിത്വ വികസന – കരിയർ ഗൈഡൻസ് പരിശീലനം

- വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് വിവിധ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനും ഭാവിയിൽ ഉചിതമായ ഉപരിപഠന മേഖലകൾ കണ്ടെത്തുന്നതിനായി ജില്ലകൾ കേന്ദ്രീകരിച്ച് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ.
- ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന എസ്.എസ്.എൽ.സി, പ്ലസ് ടു, വൊക്കേഷണൽ ഹയർ സെക്കന്ററി തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളാണ് ഈ പദ്ധതിയുടെ മുഖ്യഗുണഭോക്താക്കൾ.
- ബി.പി.എൽ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് മുൻഗണന നൽകിക്കൊണ്ട് 30% സീറ്റുകൾ പെൺകുട്ടികൾക്കും 20% സീറ്റുകൾ മറ്റു ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവർക്കും സംവരണം ചെയ്തിരിക്കുന്നു.
- സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഹൈസ്കൂൾ–ഹയർ സെക്കന്ററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ക്യാമ്പിൽ പങ്കെടുക്കാം.
- കഴിഞ്ഞ അദ്ധ്യയന വർഷത്തിലെ വാർഷിക പരീക്ഷയിൽ ചുരുങ്ങിയത് 60% മാർക്ക് വിദ്യാർത്ഥി നേടിയിരിക്കണം. ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി പരീക്ഷയുടെ മാർക്ക് യോഗ്യതാ മാനദണ്ഡമായി പരിഗണിക്കും.
- ഒരു ക്യാമ്പിൽ പരമാവധി 100 വിദ്യാർത്ഥികൾക്കാണ് അവസരം. ഓരോ ജില്ലയിലും പരമാവധി 10 ക്യാമ്പുകൾ വരെ സംഘടിപ്പിക്കും. കരിയർ ഗൈഡൻസ്, വ്യക്തിത്വ വികസനം, നേതൃത്വ പാടവം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധരായ പരിശീലകർ ക്യാമ്പിൽ നേതൃത്വം നൽകും.

## സ്വകാര്യ ഐ.റ്റി.ഐ – കളിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള ഫീ – റീഇംബേഴ്സ്മെന്റ് സ്കീം.

- സർക്കാർ അംഗീകൃത സ്വകാര്യ ഐ.റ്റി.ഐ-കളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അടച്ച ഫീസ് തിരിച്ചു നൽകുന്ന പദ്ധതി.
- രണ്ട് വർഷം/ ഒരു വർഷം കോഴ്സുകൾക്ക് യഥാക്രമം 20,000/ രൂപ, 10,000/ രൂപ എന്ന തോതിലാണ് സാമ്പത്തിക സഹായം നൽകുന്നത്.
- ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ബി.പി.എൽ വിദ്യാർത്ഥികളുടെ അഭാവത്തിൽ 6 ലക്ഷം രൂപ വരുമാന പരിധിയിലുള്ള ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന മറ്റ് വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭിക്കും.
- 80:20 മുസ്ലീം മറ്റ് ന്യൂനപക്ഷ വിഭാഗങ്ങൾ എന്ന അനുപാതത്തിലാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. കൂടാതെ, 10% തുക പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.
- വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാന പരിധിയുടെയും അടിസ്ഥാനത്തിലായിരിക്കും.

**ചാർട്ടേർഡ് അക്കൗണ്ടൻസി / കോസ്റ്റ് വർക്ക് അക്കൗണ്ടൻസി/ കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.**

- സി.എ/ഐ.സി.ഡബ്ല്യു.എ/സി.എസ് കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പദ്ധതി.
- ഫൗണ്ടേഷൻ/ കോമൺ പ്രൊഫിഷൻസി ടെസ്റ്റിന് പഠിക്കുന്നവർക്കും ഇന്റർ മീഡിയേറ്റ്/എക്സിക്യൂട്ടീവ് ഫൈനൽ/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കും 15,000/രൂപ വീതവുമാണ് സ്കോളർഷിപ്പ്.
- 80:20 മുസ്ലീം മറ്റ് ന്യൂനപക്ഷ വിഭാഗങ്ങൾ എന്ന അനുപാതത്തിലാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. കൂടാതെ, 30% തുക പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.
- വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാന പരിധിയുടെയും അടിസ്ഥാനത്തിലായിരിക്കും.
- ബി.പി.എൽ.വിഭാഗത്തിൽപ്പെടുന്ന അപേക്ഷകരുടെ അഭാവത്തിൽ മാത്രം 6 ലക്ഷം രൂപ വരുമാന പരിധിയിൽപ്പെടുന്നവരെയും പരിഗണിക്കും.
- www.minoritywelfare.kerala.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ് / ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ് ചെയ്യുന്ന പദ്ധതി**

- സിവിൽ സർവ്വീസ് പരീക്ഷക്ക് തയ്യാറെടുക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീ/ ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ്മെന്റ് പദ്ധതി.
- അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ് / ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ് ചെയ്യുന്ന പദ്ധതി
- അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ് / ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ് ചെയ്യുന്ന പദ്ധതി
- സിവിൽ സർവ്വീസ് പരീക്ഷക്ക് തയ്യാറെടുക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീ/ ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ്മെന്റ് പദ്ധതി.
- കേരള സിവിൽ സർവ്വീസ് അക്കാദമി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ റിസർച്ച്

സ്റ്റഡീസ്-പൊന്നാനി. യൂണിവേഴ്സിറ്റികൾ നടത്തുന്ന പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ പഠിതാക്കൾക്ക് അപേക്ഷിക്കാം

- 80:20 മുസ്ലീം മറ്റ് ന്യൂനപക്ഷ വിഭാഗങ്ങൾ എന്ന അനുപാതത്തിലാണ് തുക അനുവദിക്കുന്നത്.
- നോൺ ക്രിമിലിയർ പരിധിയിൽ വരുന്ന ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. ബി.പി.എൽ വിഭാഗത്തിന് മുൻഗണന.
- ഒരു ഉദ്യോഗാർത്ഥിക്ക് കോഴ്സ് ഫീ ഇനത്തിൽ 20,000/ രൂപയും, ഹോസ്റ്റൽ ഫീ ഇനത്തിൽ 10,000/രൂപയും പരമാവധി നൽകും.
- ഒരു സാമ്പത്തിക വർഷം 200 ഉദ്യോഗാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകും.
- www.minoritywelfare.kerala.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ എസ്.എസ്.എൽ.സി & ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് (പർവാസ് 2017)**

- ഉറുദു ഐച്ഛികഭാഷയായെടുത്ത് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ എസ്.എസ്.എൽ.സി & ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതിയാണിത്.
- ഒരു വിദ്യാർത്ഥിക്ക് 1000/ രൂപാ നിരക്കിൽ ക്യാഷ് അവാർഡ് നൽകുന്നു.

11. **ന്യൂനപക്ഷ കേന്ദ്രീകൃത വില്ലേജുകളിലെ സ്കൂളുകളിൽ വിർച്ചൽ/സ്മാർട്ട് ക്ലാസ് റൂം**

- വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളിലെ, വിവിധ വകുപ്പുകളുടെ ഇതേ പദ്ധതികൾക്കു വേണ്ടി തെരഞ്ഞെടുക്കപ്പെടാത്ത, സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ/ ഹയർ സെക്കന്ററി സ്കൂളിലാണ് ഇത് നടപ്പാക്കുന്നത്.
- പത്തനംതിട്ട, വയനാട് ഒഴികെയുള്ള ജില്ലകളിൽ ക്ലസ്റ്റർ വില്ലേജുകളായി തെരഞ്ഞെടുക്കപ്പെട്ട 60 വില്ലേജുകളിലെ ഒന്നോ/രണ്ടോ വീതം സ്ക്കൂളുകളിലാണ് ടി പദ്ധതി പൂർത്തീകരിച്ച് വരുന്നത്.

12. **ന്യൂനപക്ഷ യുവജനതയ്ക്കായുള്ള സൗജന്യ പരിശീലന കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും.**

- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ, ബാങ്കിംഗ് സർവ്വീസ് പരീക്ഷകൾ, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് തുടങ്ങിയ ഏജൻസികൾ നടത്തുന്ന മത്സര പരീക്ഷകൾ, വിവിധ കോഴ്സുകൾക്കായുള്ള എൻട്രൻസ് പരീക്ഷകൾ എന്നിവക്കായുള്ള സൗജന്യ പരിശീലനമാണ് ഈ കേന്ദ്രങ്ങൾ വഴി മുഖ്യമായും നൽകി വരുന്നത്.
- തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥിക്ക് പരമാവധി 6 മാസം വരെ പരിശീലനം നൽകുന്നു.
- ജനുവരി മുതൽ ജൂൺ വരെയും ജൂലൈ മുതൽ ഡിസംബർ വരെയുമാണ് കോഴ്സ് കാലാവധി
- 14 ജില്ലകളിലായി 17 പരിശീലന കേന്ദ്രങ്ങളും, 20 ഉപകേന്ദ്രങ്ങളും സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചു വരുന്നു.

പ്രത്യേകതകൾ

- നിലവിലെ കോഴ്സുകൾക്ക് പുറമെ, കേന്ദ്ര-സംസ്ഥാന സർക്കാർ ഏജൻസികൾ പുറപ്പെടുവിക്കുന്ന വിജ്ഞാപന പ്രകാരം ജോലിക്ക് അപേക്ഷിച്ചിട്ടുള്ള 30 മുതൽ 40 വരെയുള്ള ഉദ്യോഗാർത്ഥികൾ പരിശീലനം ആവശ്യപ്പെടുന്ന പക്ഷം നിശ്ചിത കാലദൈർഘ്യത്തിലേക്ക് ക്ലാസ്സുകൾ നൽകുന്നു.

**ന്യൂനപക്ഷക്ഷേമവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിവരുന്ന സ്കോളർഷിപ്പുകൾ**

പ്രിമെട്രിക് സ്കോളർഷിപ്പ് (പൊതു വിദ്യാഭ്യാസ വകുപ്പ്)

- ➢ കേരളത്തിലെ വിദ്യാലയങ്ങളിൽ ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട സാമ്പത്തിക പിന്നാക്കാവസ്ഥ അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് നൽകി വരുന്നു.
- ➢ www.education.kerala.gov.in അല്ലെങ്കിൽ www.scholarship.itschool.gov.in എന്ന വെബ് വിലാസത്തിലൂടെ ഓൺലൈനായിട്ടാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
- ➢ സർക്കാർ/ എയ്ഡഡ്/ സർക്കാർ അംഗീകൃത അൺ എയ്ഡഡ്/അഫിലിയേഷനുള്ള സി.ബി.എസ്.സി/ഐ.സി.എസ്.സി സ്ക്കൂളുകളിൽ പഠിക്കുന്ന നിർധനരായ വാർഷിക വരുമാനം ഒരു ലക്ഷം രൂപയ്ക്ക് താഴെ വരുന്ന മുൻ അധ്യയന വർഷങ്ങളിൽ 50%–ൽ കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകി വരുന്നത്. വരുമാന പരിധി 1 ലക്ഷം രൂപ.
- ➢ ഒരു കുടുംബത്തിൽ നിന്ന് പരമാവധി രണ്ട് വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം ലഭിക്കും.
- ➢ 30% സ്കോളർഷിപ്പുകൾ പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. ഇവരുടെ അഭാവത്തിൽ ആൺകുട്ടികളെയും പരിഗണിക്കും.
- ➢ 6 മുതൽ 10 വരെ ക്ലാസ്സുകൾക്ക് ഹോസ്റ്റൽ/ ഡേ സ്കോളർ വിഭാഗത്തിൽ അഡ്മിഷൻ ഫീ ഇനത്തിൽ വാർഷികാനുകൂല്യമായി 500/ രൂപ
- ➢ 6 മുതൽ 10 വരെ ക്ലാസ്സുകൾക്ക് ഹോസ്റ്റൽ/ ഡേ സ്കോളർ വിഭാഗത്തിൽ ട്യൂഷൻ ഫീ ഇനത്തിൽ പ്രതിമാസം 350/ രൂപ
- ➢ 1 മുതൽ 10 വരെ ക്ലാസ്സുകൾക്ക് ഡേ സ്കോളർ വിഭാഗത്തിൽ പ്രതിമാസം 100/ രൂപ
- ➢ 6 മുതൽ 10 വരെ ക്ലാസ്സുകൾക്ക് ഹോസ്റ്റൽ ഫീ ഇനത്തിൽ പ്രതിമാസം 600/ രൂപ

മറ്റു ചെലവുകൾക്കും (ബസ് ഫെയർ/സ്റ്റഡി മെറ്റീരിയൽസ് തുടങ്ങിയവ) തുക ക്ലെയിം ചെയ്യാവുന്നതാണ്. വിവരം മിസലിയേനസ് / അദർ ഫീസായി രേഖപ്പെടുത്തേണ്ടതാണ്. (മുകളിൽ പറഞ്ഞ എല്ലാ സ്കൂളുകൾക്കു ബാധകം)

# Post metric Scholarship – College Education

- 11-ാം ക്ലാസ് മുതൽ പി.എച്ച്.ഡി വരെ പഠിക്കുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം.
- കഴിഞ്ഞ വർഷത്തെ വാർഷിക പരീക്ഷയിൽ ചുരുങ്ങിയത് 50% മാർക്ക് നേടിയവർക്ക് മാത്രം അപേക്ഷിക്കാം. വരുമാന പരിധി 2 ലക്ഷം രൂപ.
- 30% സ്കോളർഷിപ്പുകൾ പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. ഇവരുടെ അഭാവത്തിൽ ആൺകുട്ടികളെയും പരിഗണിക്കും.
- ഒരു കുടുംബത്തിൽ നിന്ന് പരമാവധി രണ്ട് വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കും.
- 11 മുതൽ 12 വരെ ക്ലാസ്സുകളിൽ ഹോസ്റ്റൽ/ ഡേ സ്കോളർ വിഭാഗത്തിൽ അഡ്മിഷൻ/ ട്യൂഷൻ ഫീഇനത്തിൽ വാർഷികാനുകൂല്യമായി 7000/ രൂപ.
- കൂടാതെ, 11 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് മറ്റു ചെലവുകൾക്കും (സ്റ്റഡി മെറ്റീരിയൽസ് തുടങ്ങിയവ) ഡേ സ്കോളർ വിഭാഗത്തിന് പ്രതിമാസം 230/- രൂപയും ഹോസ്റ്റൽ വിഭാഗത്തിന് പ്രതിമാസം 380/- രൂപയും നൽകുന്നു.
- പ്ലസ് ടു/വൊക്കേഷണൽ/ടെക്നിക്കൽ ക്ലാസ്സുകളിൽ പഠിക്കുന്ന ഹോസ്റ്റൽ/ ഡേ സ്കോളർ വിദ്യാർത്ഥികൾക്ക് കോഴ്സ്/ ട്യൂഷൻ ഫീഇനത്തിൽ വാർഷികാനുകൂല്യമായി 10000/- രൂപ.
- ബിരുദം/ ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പഠിക്കുന്ന ഹോസ്റ്റൽ/ ഡേ സ്കോളർ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ/ ട്യൂഷൻ ഫീഇനത്തിൽ വാർഷികാനുകൂല്യമായി പരമാവധി 3000/രൂപ.
- കൂടാതെ, ബിരുദം/ ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് മറ്റു ചെലവുകൾക്കും (സ്റ്റഡി മെറ്റീരിയൽസ് തുടങ്ങിയവ) ഡേ സ്കോളർ വിഭാഗത്തിന് പ്രതിമാസം 300/- രൂപയും ഹോസ്റ്റൽ വിഭാഗത്തിന് പ്രതിമാസം 570/- രൂപയും നൽകുന്നു.
- എം.ഫിൽ, പി.എച്ച്.ഡി റിസർച്ച് ചെയ്യുന്നവർക്ക് (യൂണിവേഴ്സിറ്റി/മറ്റ് അതോറിറ്റികളിൽ നിന്നും ഫെല്ലോഷിപ്പ് ലഭിക്കാത്തവർക്ക് മാത്രം) ഹോസ്റ്റൽ വിഭാഗത്തിന് പ്രതിമാസം 1200/- രൂപയും, ഡേ സ്കോളർ വിഭാഗത്തിന് പ്രതിമാസം 550/- രൂപയും നൽകുന്നു.
- www.scholarship.itschool.gov.in എന്ന നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വെബ് വിലാസത്തിലൂടെ ഓൺലൈനായിട്ടാണ് അപേക്ഷിക്കേണ്ടത്.
- ഫോൺ : 0471-2306580, 8590558538, 9446096580

## 3. മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് (സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്)

- ന്യൂനപക്ഷ സമുദായത്തിൽ നിന്നുള്ള ബിരുദ, ബിരുദാനന്തര ബിരുദ, സാങ്കേതിക- പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് അപേക്ഷിക്കാവുന്നതാണ്.
- ചുരുങ്ങിയത് 50% മാർക്ക് യോഗ്യതാ പരീക്ഷയ്ക്ക് ലഭിച്ചിരിക്കണം.
- വരുമാന പരിധി 2.5 ലക്ഷം രൂപ
- കോഴ്സ് ഫീ ഇനത്തിൽ ഹോസ്റ്റലർ / ഡേ സ്കോളർ വിഭാഗത്തിൽ പരമാവധി 20,000/ രൂപ
- ഹോസ്റ്റൽ വിഭാഗത്തിൽ മെയിന്റനൻസ് അലവൻസ് ആയി 10,000/ രൂപ
- ഡേ സ്കോളർ വിഭാഗത്തിൽ മെയിന്റനൻസ് അലവൻസ് ആയി 5,000/ രൂപ
- www.momascholarship.nic.in എന്ന വെബ് വിലാസത്തിലൂടെ ഓൺലൈനായിട്ടാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
- ഫോൺ : 0471-2561214, 2561411

## II. കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നേരിട്ട് ധനസഹായം അനുവദിക്കുന്ന പദ്ധതികൾ

**ന്യൂനപക്ഷ വനിതകൾക്ക് നേതൃ പരിശീലനം – നയ്റോശ്നി**

ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന വനിതകളുടെ നേതൃത്വ പരിശീലനത്തിനായി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്താൽ 2012–13 വർഷം മുതൽ നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് നയ്റോശ്നി. വനിതകളുടെ ആത്മ വിശ്വാസം വർദ്ധിപ്പിക്കുന്നതിലൂടെ സ്ത്രീ ശാക്തീകരണമാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം. സ്ത്രീകളുടെ അവകാശങ്ങൾ, സ്ത്രീ വിദ്യാഭ്യാസവും തൊഴിലും, ആരോഗ്യം, ശുചിത്വം, പോഷകാഹാരം, രോഗപ്രതിരോധം, കുടുംബാസൂത്രണം പഞ്ചായത്ത് രാജ്/ നഗരപാലിക നിയമവും സ്ത്രീകളും, ജീവിത നിപുണത തുടങ്ങിയ വിഷയങ്ങളിലായിരിക്കും മുഖ്യ പരിശീലനം. 2.5 ലക്ഷം രൂപ വരുമാന പരിധിയിൽ ഉൾപ്പെടുന്ന കുടുംബങ്ങൾക്ക് പരിശീലന ക്ലാസിൽ മുൻഗണന നൽകും. കൂടുതൽ വിവരങ്ങൾക്ക് www.minorityaffairs.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**ന്യൂനപക്ഷ വിഭാഗങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം (സീക്കോ ഓർ കമാഓ)**

ന്യൂനപക്ഷ യുവജനങ്ങളുടെ പരമ്പരാഗത കഴിവുകളെ പരിപോഷിപ്പിച്ച് അവരെ തൊഴിലിന് പ്രാപ്തരാക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

**പഠോ പർദേശ് –**

വിദേശത്ത് പഠിക്കുവാൻ വേണ്ടി ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ലോണുകൾക്ക് സബ്സിഡി നൽകുകയാണ് ഉദ്ദേശ്യം.

**നയി മൻസിൽ**

സ്കൂൾ വിദ്യാഭ്യാസം പാതി വഴിയിൽ നിന്നു പോയ ന്യൂനപക്ഷ വിദ്യാർത്ഥികളെ കണ്ടെത്തി വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതിനും അവരെ അനുയോജ്യമായ തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുന്ന പദ്ധതി

**ഉസ്താദ് –**

പരമ്പരാഗത കലാകാരന്മാരുടേയും കരകൗശല പണിക്കാരുടെയും വികസനത്തിനുള്ള പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമുള്ള പദ്ധതി. 100% കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്.

## PADHO PARDESH - SCHEME OF INTEREST SUBSIDY ON EDUCATIONAL LOANS FOR OVERSEAS STUDIES FOR THE STUDENTS BELONGING TO THE MINORITY COMMUNITIES

- The objective of the scheme is to award interest subsidy to meritorious students belonging to economically weaker sections of notified minority communities so as to provide them better opportunities for higher education abroad and enhance their employability.
- This is a Central Sector Scheme to provide interest subsidy to the student belonging to the communities declared as minority communities in terms of section 2 (c) of National Commission for Minorities Act, 1992, on the interest payable for the period of moratorium for the Education Loans under the Scheme of Interest subsidy on Educational Loans for Overseas Studies to pursue approved courses of studies abroad at Masters and M.Phil/Ph.D levels.
- **Under the scheme, interest payable by the students availing of the education loans of the IBA for the period of moratorium (i.e. course period, plus one year or six months after getting job, whichever is earlier) as prescribed under the Education Loan Scheme of the IBA, shall be borne by the Government of India.**
- After the period of moratorium is over, the interest on the outstanding loan amount shall be paid by the student, in accordance with the existing Educational Loan Scheme as may be amended from time to time. (iii) The Candidate will bear the Principal installments and interest beyond moratorium period.

| S.No. | States/UTs | State/UT-wise and Community-wise distribution of Padho Pardesh-interest subsidy scheme for overseas studies for Minority Students — Allocation of slots- As per Government of India | | | | | | |
|---|---|---|---|---|---|---|---|---|
| | | Muslim | Christian | Sikh | Buddhist | Jain | Parsi | TOTAL |
| 1 | ANDHRA PRADESH | 14 | 2 | X | X | X | X | 16 |
| 2 | ARUNACHAL PRADESH | X | X | X | X | X | X | 2 |
| 3 | ASSAM | 18 | 2 | X | X | X | X | 20 |
| 4 | BIHAR | 30 | x | X | X | X | X | 30 |
| 5 | CHHATISGARH | x | x | X | X | X | X | 2 |
| 6 | GOA | X | X | X | X | X | X | 2 |
| 7 | GUJARAT | 10 | x | X | X | x | X | 10 |
| 8 | HARYANA | 4 | X | 2 | X | X | X | 6 |
| 9 | HIMACHAL PRADESH | X | X | X | X | X | X | 2 |
| 10 | JAMMU & KASHMIR | 14 | X | x | X | X | X | 14 |
| 11 | JHARKHAND | 8 | 2 | X | X | X | X | 10 |
| 12 | KARNATAKA | 14 | 2 | X | X | x | X | 16 |
| 13 | KERALA | 16 | 10 | X | X | X | X | 26 |
| 14 | MADHYA PRADESH | 8 | x | x | x | x | x | 8 |
| 15 | MAHARASHTRA | 22 | 2 | x | 12 | 2 | X | 38 |
| 16 | MANIPUR | x | x | X | X | X | X | 2 |
| 17 | MEGHALAYA | x | 4 | X | X | X | X | 4 |
| 18 | MIZORAM | X | X | X | X | X | X | 2 |
| 19 | NAGALAND | X | x | X | X | X | X | 2 |
| 20 | ODISHA | 2 | 2 | X | X | X | X | 4 |
| 21 | PUNJAB | x | x | 28 | X | X | X | 28 |
| 22 | RAJASTHAN | 10 | X | 2 | X | 2 | X | 14 |
| 23 | SIKKIM | X | X | X | X | X | X | 2 |
| 24 | TAMIL NADU | 8 | 8 | X | X | X | X | 16 |

## KSBCDC ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ
## (ഒ.ബി.സി– മതന്യൂനപക്ഷ വിഭാഗങ്ങൾക്ക്)

| നമ്പർ | പദ്ധതികൾ | പരമാവധി വായ്പതുക | പലിശനിരക്ക് |
|---|---|---|---|
| 1 | KSBCDC ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ (ഒ.ബി.സി–മതന്യൂനപക്ഷ വിഭാഗങ്ങൾക്ക്) | 2 ലക്ഷം രൂപ | 6% |
| 2 | വിദേശത്ത് ജോലി നേടി പോകുന്നവർക്കുള്ള വായ്പ (1,20,000/– രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 2 ലക്ഷം രൂപ | 8% |
| 3 | സുവർണ്ണ ശ്രീ വായ്പ(ബഹുവിധ ആവശ്യങ്ങൾക്ക്)(1,20,000/– രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 2 ലക്ഷം രൂപ | 9% |
| 4 | പ്രവർത്തന മൂലധന വായ്പ(1,20,000/– രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 8% |
| 5 | ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ(1,20,000/– രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 9% |
| 6 | വിദ്യാശ്രീ വായ്പ(1,20,000/– രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 6% |
| 7 | കൺസ്യൂമർ ഡ്യൂറബിൾ വായ്പ (6,00,000/– രൂപയിൽ താഴെ | 2 ലക്ഷം രൂപ | 10% |
| 8 | വാഹന വായ്പ(6,00,000/– രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 6 ലക്ഷം രൂപ | 9% |
| 9 | ഗൃഹ പുനരുദ്ധാരണ വായ്പ(സ്വസ്ഥഗൃഹ)(6,00,000/– രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 10% |
| 10 | വ്യക്തിഗത വായ്പ(6,00,000/– രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 11% |

# കേരള സംസ്ഥാനപരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസനകോർപ്പറേഷൻ ലിമിറ്റഡ് നടപ്പിലാക്കുവരുന്ന വിവിധ വായ്പാ പദ്ധതികൾ

സംസ്ഥാന പദ്ധതികൾ

| പദ്ധതിയുടെ പേര് | പരമാവധി വായ്പാതുക | പലിശ നിരക്ക് | അപേക്ഷകന്റെ വയസ്സ് | തിരിച്ചടവ് കാലാവധി | വരുമാനപരിധി | | മറ്റു നിബന്ധനകൾ |
|---|---|---|---|---|---|---|---|
| | | | | | ഗ്രാമങ്ങളിൽ | നഗരങ്ങളിൽ | |
| കൃഷിഭൂമി വായ്പ | 2,00,000/– | 5.5% | 18–55 | വായ്പ കൈപ്പറ്റി 11–ാം മാസം മുതൽ 100 മാസതവണകൾ | 81,000 | 1,03,000/– | വാങ്ങുന്ന വസ്തു കോർപ്പറേഷന്റെ പേരിൽ പണയാധാരം ചെയ്യണം. ഭൂമി കൃഷിയോഗ്യമാണെന്ന് തെളിയിക്കുന്ന കൃഷി ഓഫീസറുടെ സാക്ഷ്യപത്രം . വസ്തു ജാമ്യത്തിലെ പൊതു വ്യവസ്ഥകൾ പാലിച്ചിരിക്കണം. കുറഞ്ഞത് 20 സെന്റ് |
| ഭവന നിർമ്മാണ വായ്പ | 3,00,000/– | 5% | 18–55 | 144 മാസം | 81,000 | 1,03,000/– | സ്വന്തം പേരിൽ കുറഞ്ഞത് 3 സെന്റ് വസ്തു ഉണ്ടായിരിക്കണം. ഗഡുക്കളായി തുക നൽകുന്നു.(1,25,000-1,00,000-75,000). വീടിന്റെ ഉത്തരപ്പൊക്കം വരെ പണി പൂർത്തീകരിച്ച്, വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കുമ്പോൾ 2–ാം ഗഡു നൽകുന്നു. വീടിന്റെ ഫോട്ടോ, വീട് ഇൻഷ്വർ ചെയ്ത സർട്ടിഫിക്കറ്റ്, വീടിന്റെ പണി പൂർത്തീകരിച്ച വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ |
| ഭൂരഹിത ഭവന രഹിത വായ്പ<br>സ്ഥലം വാങ്ങാൻ<br>ഭവന നിർമ്മാണം | 5,25,000/–<br>2,25,000/–<br>3,00,000/– | 5% | 18–50 | 144 മാസം | 81,000 | 1,03,000/– | അപേക്ഷകന്റെ പേരിലോ ഭർത്താവ്/ഭാര്യ, അവരുടെ അനന്തരാവകാശികൾ എന്നിവരുടെ പേരിലോ സ്ഥലമോ വീടോ ഉണ്ടായിരിക്കരുത്. കുറഞ്ഞത് 3 സെന്റ് ഭൂമിയെങ്കിലും വാങ്ങിയിരിക്കണം. വാങ്ങുന്ന ഭൂമിയിൽ കോർപ്പറേഷന്റെ വ്യവസ്ഥകൾക്കനുസരണമായി നിശ്ചിത സമയപരിധിക്കുള്ളിൽ ഭവന നിർമ്മാണം പൂർത്തിയാക്കണം. വായ്പ ഉപയോഗിച്ച് വാങ്ങുന്ന സ്ഥലം കോർപ്പറേഷന്റെ പേരിൽ പണയപ്പെടുത്തണം. അതിനുശേഷം മാത്രമേ ഭവന നിർമ്മാണത്തിനുള്ള തവണകൾ അനുവദിക്കൂ. ആകെ നാല് ഗഡുക്കളായി വായ്പ തുക |
| | | | | | 81,000 | 1,03,000/– | വീടും സ്ഥലവും കോർപ്പറേഷന് പണയപ്പെടുത്തണം. സ്വന്തം പേരിൽ കുറഞ്ഞത് 3 സെന്റ് വസ്തു ഉണ്ടായിരിക്കണം. |
| ഭവന പുനരുദ്ധാരണം<br>വിവാഹ വായ്പ | 1,00,000/–<br>2,00,000/ | 6%<br>4% | 18–55<br>18 55 | 144 മാസം<br>60 മാസം | 81,000 | 1,03,000/– | പെൺകുട്ടികളുടെ വിവാഹത്തിനായി വായ്പ ലഭിക്കുന്നതിന് വിവാഹിതയാകുന്ന പെൺകുട്ടിയുടെ പേരിൽ അപേക്ഷിക്കാം. മതിയായ ഉദ്യോഗസ്ഥ/വസ്തു ജാമ്യം(കുറഞ്ഞത് 5 സെന്റ് വസ്തു) ഉണ്ടായിരിക്കണം. വായ്പതുക വിലനിർണ്ണയ സർട്ടിഫിക്കറ്റിന്റെ |
| സ്വയം തൊഴിൽ വായ്പ | 5,00,000/ | 6% | 18 45 | 60 മാസം | 81,000 | 1,03,000/– | ഗുണഭോക്താവ് നടത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട്. 50,000/- രൂപ വരെയുള്ള വായ്പകൾ കോർപ്പറേഷൻ നേരിട്ടും അതിനു മുകളിലുള്ള തുക എൻ.ബി.സി .എഫ്.ഡി.സിയുടെ അംഗീകാരത്തോടെയും അനുവദിക്കുന്നു. |
| | | | | | 81,000 | 1,03,000/– | അഡ്മിഷൻ ഫീസ്, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, ഹോസ്റ്റൽ ഫീസ്, ടെക്സ്റ്റ് ബുക്ക് വാങ്ങുന്ന വില, സ്റ്റേഷനറി, ഇൻഷുറൻസ് പ്രീമിയം, എന്നിവയും ഉൾപ്പെടുന്നു. കോർപ്പറേഷൻ അംഗീകരിച്ചിട്ടുള്ള പ്രൊഫഷണൽ കോഴ്സ് പഠനത്തിന് നൽകുന്നു. മതിയായ ഉദ്യോഗസ്ഥ/വസ്തു ജാമ്യം(കുറഞ്ഞത് 5 സെന്റ് ഭൂമി) അനിവാര്യമാണ്. വായ്പ തുക വില നിർണ്ണയ സർട്ടിഫിക്കറ്റിന്റെ |

| നമ്പർ | പദ്ധതികൾ | പലിശ നിരക്ക് | പരമാവധി തുക | വ്യവസ്ഥകൾ |
|---|---|---|---|---|
| 1 | സ്വയംതൊഴിൽ (പൊതുവിഭാഗം) | 8% | 20 ലക്ഷം | കുടുംബ വാർഷിക വരുമാനം 6 ലക്ഷത്തിൽ താഴെ. പ്രായ പരിധി 56 വയസ്സ്. |
| 2 | വിദ്യാഭ്യാസ വായ്പ (പാരന്റ് പ്ലസ്) | 7% | 10 ലക്ഷം | വരുമാന പരിധി ബാധകമല്ല |
| 3 | ബിസിനസ്സ് വിപുലീകരണ വായ്പ/ പ്രവർത്തന മൂലധനം | 8% | 5 ലക്ഷം | കുടുംബ വാർഷിക വരുമാനം 6 ലക്ഷത്തിൽ താഴെ. പ്രായ പരിധി 56 വയസ്സ്. |
| 4 | അംഗീകൃതസർക്കാർ/ പൊതുമേഖലാ/ സഹകരണ ബാങ്ക് ഉദ്യോഗസ്ഥർക്കുള്ള വിവിധോദ്ദേശ വായ്പ<br>1. മക്കളുടെവിദ്യാഭ്യാസം<br>2. കുടുംബാംഗങ്ങളുടെ ചികിത്സാചിലവ്<br>3. വീട്റിപ്പയറിങ്ങ്<br>4. സ്വന്തംആവശ്യത്തിനായി വാഹനം<br>5 പെൺമക്കളുടെ വിവാഹം | 9% | 5 ലക്ഷം | കുടുംബ വാർഷിക വരുമാനം 6 ലക്ഷത്തിൽ താഴെ. പ്രായ പരിധി 56 വയസ്സ്. |
| 5 | മദ്രസ്സ അദ്ധ്യാപകർക്കുള്ള ഭവന വായ്പ<br>. | Nil | 2.5 Lakh | കുടുംബ വാർഷിക വരുമാനം ഗ്രാമങ്ങളിൽ 40,000/- നഗരങ്ങളിൽ 55,000/- ത്തിനും ത്തിനും താഴെ<br>പ്രായ പരിധി 40 നും 57 വയസ്സിനും ഇടയിൽ. |

## സംസ്ഥാന പദ്ധതികൾ

| പദ്ധതിയുടെ പേര് | പരമാവധി വായ്പാതുക | പലിശ നിരക്ക് | അപേക്ഷകന്റെ വയസ്സ് | തിരിച്ചടവ് കാലാവധി | വരുമാന പരിധി ഗ്രാമങ്ങളിൽ | വരുമാന പരിധി നഗരങ്ങളിൽ | മറ്റു നിബന്ധനകൾ |
|---|---|---|---|---|---|---|---|
| വ്യക്തിഗത വായ്പ | 1,00,000/- | 8% | 18-55 | 36 മാസം | 81,000/- | 1,03,000/ | വായ്പ തുക ഗുണഭോക്താവിന് ഏത് ആവശ്യത്തിനും ഉപയോഗിക്കാവുന്നതാണ്. വസ്തു ഈടോ ഉദ്യോഗസ്ഥ ജാമ്യമോ വായ്പയ്ക്ക് സ്വീകരിക്കും. വസ്തു ജാമ്യമാണെങ്കിൽ വീട് കൂടാതെ 5 സെന്റ് സ്ഥലം ജാമ്യം നൽകണം. വായ്പ തുക വില നിർണ്ണയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നിജപ്പെടുത്തും. |
| ഉദ്യോഗസ്ഥർക്കുള്ള വ്യക്തിഗത വായ്പ | 3,00,000/- | 10% | 20-50 | 60 മാസം | അഞ്ചു ലക്ഷത്തിനുമേൽ അധികരിക്കരുത് | | വായ്പ തുക ഗുണഭോക്താവിന് ഏതാവശ്യത്തിനും ഉപയോഗിക്കാവുന്നതാണ്. എന്നാൽ 1.5 ലക്ഷം രൂപ വരെ സ്വന്തം ശമ്പള സർട്ടിഫിക്കറ്റിന്റെ ജാമ്യത്തിലും, മറ്റൊരാളിന്റെ കൂടി ശമ്പള സർട്ടിഫിക്കറ്റ് ജാമ്യമായി നൽകുന്ന പക്ഷം 3 ലക്ഷം രൂപവരെയും വായ്പ അനുവദിക്കും. |
| **3 എൻട്രൻസ് ധനസഹായ പദ്ധതി(100 % ഗ്രാന്റ്)** | | | | | | | |
| എൻട്രൻസ് ധനസഹായ പദ്ധതി | 40,000/- | | | | | | +2വിനു ശേഷം മെഡിക്കൽ /എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾക്ക് റിപ്പീറ്റ് ചെയ്യുന്നവർക്ക് കോഴ്സ് ഫീസ് 20000 രൂപയും ഹോസ്റ്റൽ ഫീസ് 20000 രൂപയും ധനസഹായമായി നൽകുന്നു. |

### 3 വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്കുള്ള പ്രോത്സാഹനസമ്മാനം (100% ഗ്രാന്റ്)

| യോഗ്യത പരീക്ഷ | ഫസ്റ്റ് ക്ലാസ് | ഡിസ്റ്റിംഗ്ഷൻ | യോഗ്യത പരീക്ഷ | ഫസ്റ്റ് ക്ലാസ് | ഡിസ്റ്റിംഗ്ഷൻ |
|---|---|---|---|---|---|
| എസ്.എസ്.എൽ.സി | 1500/- | 2500/- | ഡിഗ്രി | 3500/- | 7500/- |
| പ്ലസ്ടു | 2500/- | 5000/- | പി.ജി/പ്രൊഫഷണൽ കോഴ്സുകൾ | 5000/- | 10000/ |

References

https://www.censusindia.gov.in

http://www.ncm.nic.in

http://www.kscminorities.org

http://www.minoritywelfare.kerala.gov.in

http://www.minorityaffairs.gov.in

https://en.wikipedia.org/wiki/National_Commission_for_Minorities

Handbook published by Kerala State Commission for Minorities,2018